**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1054** | **02-02-2026 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പാക്കിവരുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പാക്കിവരുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളെ ഉൾപ്പെടുത്തി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ എന്നാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ളപദ്ധതിയുടെ ഭാഗമായി മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് പഞ്ചായത്തുകളിലായി 34780 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാണ് ഭരണാനുമതി നല്കിയത്. എന്നാൽ ഈ പദ്ധതിയുടെ ഭാഗമായ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2023 ഏപ്രിൽ 18 ന് ടെണ്ടർ ഓപ്പൺ ചെയ്തുവെങ്കിലും ബഹു. കേരള ഹൈക്കോടതിയിൽ അശ്വതി ഏജൻസീസ് നൽകിയ WP(C) 18544/2024 പ്രകാരം കോടതി വ്യവഹാരം നിലനിൽക്കുന്നതിനാലും ആയത് തീർപ്പാക്കാത്തതുമൂലം ബന്ധപ്പെട്ട പ്രവൃത്തി കരാറിൽ ഏർപ്പെടാൻ സാധിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തി നടക്കാത്തതിനാൽ പ്രവൃത്തി കമ്മീഷൻ ചെയ്യുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ട്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളെ ഉൾപ്പെടുത്തി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (സി) | മേല്പറഞ്ഞ ടെണ്ടറിന്റെ നിജസ്ഥിതി എന്താണെന്നും ആയത് സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ വ്യക്തമാക്കാമോ; | (സി) | ഈ ടെൻഡറിന്റെ തീരുമാനമാകാത്തത്, പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം നിലവിൽ കേസ് പരിഗണിക്കുന്നത് 05/03/2026 വരെ ബഹുമാനപ്പെട്ട ഹൈക്കോടതി മാറ്റിവച്ചിട്ടുണ്ട്.പ്രസ്തുത വിഷയത്തിൽ കോടതിയുടെ |

| | | | |
|---|---|---|---|
| | | | അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് |
| (ഡി) | മേല്പറഞ്ഞ ടെണ്ടറുമായി ബന്ധപ്പെട്ട് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ നല്കിയ കേസിൽ വകുപ്പ് സ്വീകരിച്ച നടപടി എന്തായിരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത പ്രവർത്തന ഉത്തരവ് ലഭിച്ച നിർമ്മാണ കമ്പനിക്ക് വാട്ടർ അതോറിറ്റിയുടെ എ ക്ലാസ് ലൈസൻസ് ലഭിക്കുന്നതിനുള്ള യോഗ്യത ഇല്ല എന്ന വിവരം ബഹുമാനപ്പെട്ട കോടതിയിൽ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം നിലവിൽ കേസ് പരിഗണിക്കുന്നത് 05/03/2026 വരെ ബഹുമാനപ്പെട്ട ഹൈകോടതി മാറ്റിവച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കോടതിയുടെ അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ജലസേചനവും ഭരണവും

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ കടലുണ്ടിപുഴയുടെ വലതുകരയിലുള്ള 5 കുളിക്കടവുകളുടെ പുനരുദ്ധാരണത്തിനായി 12.70 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി 8% പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

### കേരള വാട്ടർ അതോറിറ്റി

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷനിൽ നടപ്പിലാക്കിവരുന്ന മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രധാന ഉത്പാദക ഘടങ്ങളായ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, 33 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലശുദ്ധീകരണശാല എന്നിവയുടെ പ്രവൃത്തി 90%ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃ പഞ്ചായത്തുകളായ വള്ളിക്കുന്ന്, ചേലേമ്പ്ര, തേഞ്ഞിപ്പലം പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയും അനുബന്ധ ഘടകങ്ങളും ഉപരിതല സംഭരണി ഉൾപ്പെടെയുള്ള അനുബന്ധ ഘടകങ്ങളും നിലവിൽ പൂർത്തീകരണത്തോട് അടുക്കുകയാണ്. ഇത് കൂടാതെ പള്ളിക്കൽ, പെരുവള്ളൂർ എന്നി പഞ്ചായത്തുകളിലെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പെരുവള്ളൂർ | പാക്കേജ് - 1 - 14.0 ലക്ഷം ലിറ്റർ & 8.00 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണികളുടെ നിർമ്മാണം, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല എന്നിവ വിതരണം ചെയ്ത് സ്ഥാപിക്കൽ, ഗാർഹിക കണക്ഷൻ നൽകൽ എന്നീ പ്രവൃത്തികൾ | 70% പൂർത്തീകരിച്ചു.. |
| 2 | | പാക്കേജ് 1 എ - 7 MLD ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | 85% പൂർത്തീകരിച്ചു. |
| 3 | | പാക്കേജ് - 1 ബി - തലപ്പാറയിൽ നിന്നും പാറക്കടവിലെ ഇൻടേക്ക് കിണറിലേക്ക് ബാക്കിയുള്ള 350 എംഎ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയും, ഇന്റർ കണക്ഷനും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി | പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 4 | | ജല ജീവൻ മിഷൻ - മലപ്പുറം ജില്ലയിലെ പെരുവള്ളൂർ പഞ്ചായത്തിനുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - പെരുവള്ളൂർ പഞ്ചായത്തിലെ ചേളാരിയിൽ എൻഎച്ച് 66 - ന് കുറുകെ ഡിഐ കെയ്സിംഗ് പൈപ്പ് സ്ഥാപിക്കൽ - പൈപ്പ് ലൈൻ പ്രവൃത്തി | പൂർത്തീകരിച്ചു |
| 5 | | പാക്കേജ് - 2 - ബാക്കി വിതരണ ശൃംഖല, റോ വാട്ടർ , ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. 16.08.2024 ന് ശേഷം പ്രവർത്തികൾക്ക് വർക്ക് ഓർഡർ നൽകാനുള്ള അനുമതി NJJM – ൽ നിന്നും ലഭിക്കാത്തതിനാൽ വർക്ക് ഓർഡർ നൽകാൻ സാധിച്ചിട്ടില്ല. |
| 6 | മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം വള്ളിക്കുന്ന് | പാക്കേജ് 1 എ - 12 മീറ്റർ വ്യാസമുള്ള കിണറ്, പമ്പ് ഹൗസ്, ലീഡിംഗ് ചാനൽ, റീടെയ്നിംഗ് വാൾ, ട്രാൻസ്ഫോർമർ റൂം, 33 MLD ശേഷിയുള്ള ജല ശുദ്ധീകരണ ശാല, 16.00 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സമ്പ് കം പമ്പ് ഹൗസ്, ജല ശുദ്ധീകരണ ശാല കോംമ്പൗണ്ടിൽ 25 ലക്ഷം ലിറ്റർ ഉപരിതല ജല സംഭരണി എന്നിവയുടെ നിർമ്മാണം 700 എം എം റോ വാട്ടർ പമ്പിംഗ് സ്ഥാപിക്കലും റോഡ് പുനരുദ്ധാരണ പ്രവൃത്തിയും. | 90% പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 7 | | പാക്കേജ് - 2 - വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ വിതരണം ചെയ്ത് സ്ഥാപിക്കൽ, പുഴക്ക് കുറുകെ പൈപ്പ് ലൈൻ ബ്രിഡ്ജ്, HDD വഴി റെയിൽ ക്രോസ്, സർവ്വീസ് റിസർവോയേഴ്സ് എന്നിവയുടെ നിർമ്മാണം, വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകലും | 85% പൂർത്തീകരിച്ചു. |
| 8 | | പാക്കേജ് - 3 - തേഞ്ഞിപ്പലം, ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ സോൺ 1, സോൺ 2, സോൺ 3 മേഖലകളിൽ വിതരണ ശൃംഖല സ്ഥാപിക്കലും, ചേളാരിയിൽ 16 ലക്ഷം ലിറ്റർ ഉന്നതതല ജല സംഭരണിയുടെ നിർമ്മാണവും | 65% പൂർത്തീകരിച്ചു. |
| 9 | | പാക്കേജ് 3 (എ) തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ ചേളാരി ഉന്നതതല ജല സംഭരണിയിൽ നിന്നും ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ കിൻഫ്രാ പാർക്കിലെ ഉന്നതതല ജല സംഭരണിയിൽ നിന്നുമുള്ള ബാക്കി വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 60% പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 10 | | പാക്കേജ് 1 എ - ഐക്കരപ്പടി എൻ എച്ച് 966 - ൽ ബാക്കി റോ വാട്ടർ പമ്പിംഗ് മെയിൻ വിതരണം ചെയ്ത് സ്ഥാപിച്ച് ടെസ്റ്റ് ചെയ്ത് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി 700 എംഎം ഡിഐ കെ 9 പൈപ്പും 700 എംഎം എംഎസ് പൈപ്പും HDD വഴി 700 എംഎം എംഎസ് പൈപ്പ് ഉൾപ്പെടെയുള്ള പ്രവൃത്തി - നിലവിലെ പൈപ്പിൽ നിന്നും ഇന്റർകണക്ട് ചെയ്യുന്ന പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി. | 35% പൂർത്തീകരിച്ചു.. |
| 11 | | പാക്കേജ് - 4 - ട്രാൻസ്ഫോർമറുകളും, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകളും സ്ഥാപിച്ച് ടെസ്റ്റ് ചെയ്ത് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും അനുബന്ധ പ്രവൃത്തികളും. | ഈ പ്രവൃത്തിയുടെ ടെണ്ടറുമായി ബന്ധപ്പെട്ടു കൊണ്ട് ഒരു കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതിനാ ൽ കോടതിയുടെ അന്തിമ വിധി ക്കു ശേഷം മാത്രമേ ഈ പ്രവൃത്തി നടപ്പിലാക്കാനും പദ്ധതി കമ്മീഷ ൻ ചെയ്യുന്നതിനും സാധിക്കുകയുള്ളൂ . |
| 12 | | ജല ജീവൻ മിഷൻ - മലപ്പുറം ജില്ലയിലെ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - ബാക്കിയുള്ള വിതരണ ശൃംഖല 3 ഉം 3 എയും - പൈപ്പ് ലൈൻ പ്രവൃത്തി. | 35 % പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 13 | പള്ളിക്കൽ | മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലേക്ക് വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും - ഫേസ് 1 | പൂർത്തീകരിച്ചു. |
| 14 | | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ സോൺ 2 മേഖലയിലേക്ക് വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകൽ, 1.0 ലക്ഷം ലിറ്റർ സമ്പ് കം പമ്പ് ഹൗസ്, 5.5 ലക്ഷം ലിറ്റർ ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കലും, അനുബന്ധ പ്രവൃത്തികളും. | പൂർത്തീകരിച്ചു. |
| 15 | | ജൽ ജീവൻ മിഷൻ - പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ കൊട്ടപ്പുറം - കാക്കഞ്ചേരി പൊതുമരാമത്ത് വകുപ്പ് റോഡിൽ 200 mm DI K9, 160 mm PVC, 90 mm PVC എന്നിവ വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവത്തി | പൂർത്തീകരിച്ചു. |
| 16 | | ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി - ഫേസ് - 3. | പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ തയ്യാറാകാത്തതുകാരണം വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. |

**ജലനിധി**

വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിൽ ജല ജീവൻ മിഷൻ സമ്പൂർണ്ണ കുടിവെള്ള പദ്ധതിക്കായി 6591.25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ KRWSA നടപ്പിലാക്കുന്ന വിതരണ ശൃംഖല സ്ഥാപിച്ച് നിലവിലുള്ള ജലനിധി സ്കീമിൽ നിന്ന് 2518 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിക്ക് 725 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത പദ്ധതി നിലവിൽ KRWSA നടപ്പിലക്കേണ്ടതില്ല എന്ന് അറിയിച്ചതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

നിലവിലെ വള്ളിക്കുന്ന് മണ്ഡലത്തിൽ KRWSA വഴി സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | സ്കീമിന്റെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| **സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്ന ജലനിധി സുസ്ഥിരത പദ്ധതി 2023-24** | | | | |
| 1 | പെരുവള്ളൂർ | അനശ്വര | 600000 | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | പെരുവള്ളൂർ | കോലാർകുന്നത്ത് | 600000 | പൂർത്തീകരിച്ചു |
| 3 | പെരുവള്ളൂർ | വിപഞ്ചിക | 600000 | പൂർത്തീകരിച്ചു |
| **സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്ന ജലനിധി സുസ്ഥിരത പദ്ധതി 2024-25** | | | | |
| 1 | വള്ളിക്കുന്ന് | അത്താണിക്കൽ | 600000 | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | വള്ളിക്കുന്ന് | പൊതു കിണറുകളുടെ പുനരുദ്ധാരണം (12 എണ്ണം) | 1058400 | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| | **സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്ന ജലനിധി സുസ്ഥിരത പദ്ധതി 2025-26** | | | |
| 1 | പെരുവള്ളൂർ | ചാരുത | 10,40,000.00 | പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| 2 | പെരുവള്ളൂർ | നീർധാര | 7,80,000.00 | |
| 3 | തേഞ്ഞിപ്പലം | നെച്ചിനത്തിൽ | 5,30,000.00 | |

**മെക്കാനിക്കൽ വകുപ്പ്**

| വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ | | | |
|---|---|---|---|
| SL | പദ്ധതി/പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
| 1 | മലപ്പുറം ജില്ലയിലെ മണ്ണട്ടാംപാറ വെയർ കം ലോക്കിലെ റെഗുലേറ്റർ ഷട്ടറിന്റെ എമർജൻസി അറ്റകുറ്റപ്പണികൾ | 1.38 | ടെണ്ടർ ചെയ്തിട്ടുണ്ട് |